പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6222 31.10.2011-ൽ മറുപടിയ്ക്ക്

ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. വി.പി. സജീന്ദ്രൻ | | ഡോ. എം. കെ. മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും റവന്യൂ ഡാറ്റാബേസ് തയ്യാറാക്കുന്നതിന് വേണ്ടി അക്രൂവൽ അടിസ്ഥാനത്തിലുള്ള സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനങ്ങൾക്കായി അക്കൗണ്ടന്റ് കം ഐ.ടി. എക്സ്പെർട്ടുമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ഏക ജാലക സംവിധാനത്തിലൂടെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. കേന്ദ്ര സർക്കാരിന്റെ പഞ്ചായത്ത് രാജ് മന്ത്രാലയം അഖിലേന്ത്യാതലത്തിൽ ക്രോഡീകരിക്കുന്ന വിവരങ്ങൾ അവരുടെ സോഫ്റ്റ് വെയറിലേക്ക് സംസ്ഥാനത്ത് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ആവശ്യത്തിനായി വിന്യസിച്ചിരിക്കുന്ന സോഫ്റ്റ്‌വെയറിൽ നിന്നും നൽകുന്നതിനുള്ള പ്രവർത്തനവും പുരോഗമിക്കുന്നുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ജില്ലാ/സംസ്ഥാന ആസൂത്രണ ബോർഡുകളെയും സർക്കാരിനെയും യോജിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖലാ സംവിധാനം ശക്തമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (ബി) | കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് ഇല്ലാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ BSNL ന്റെ VPN കണക്ടിവിറ്റി എടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തുകളിൽ ദേശീയ |

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. KSWAN/VPN കണക്ടിവിറ്റി നിലവിൽ യഥാക്രമം 247, 625 തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ഉണ്ട്. ഇവ ഉപയോഗിച്ച് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ജില്ല/സംസ്ഥാന ആസൂത്രണബോർഡ്/സർക്കാർ എന്നിവയുമായി ബന്ധപ്പെടാവുന്നതാണ്

| | | | |
|---|---|---|---|
| (സി) | പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | തദ്ദേശ ഭരണസ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകൾ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് ജീവനക്കാർക്ക് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരിശീലനം നൽകി വിന്യസിച്ച് വരുന്നു. സാങ്കേതിക സഹായത്തിനായി ബ്ലോക്ക് തലത്തിൽ ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾക്കായി ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത്, ജില്ലാ പ്ലാനിംഗ് ഓഫീസ്, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ സാങ്കേതിക സഹായത്തിനായി ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ